A | 712

# സമഗ്രശിക്ഷാ കേരളം
## അർധവാർഷിക മൂല്യനിർണ്ണയം 2024–2025
### മലയാളം
## അടിസ്ഥാനപാഠാവലി

ക്ലാസ് : 7 | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള അഞ്ചു പ്രവർത്തനത്തിൽ നാലെണ്ണത്തിനു ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

**ചിറ്റാടയും വയൽപ്പൂക്കളും പിന്നെ തിളങ്ങുന്ന കുറെ ഓർമ്മകളും**

പള്ളിക്കുന്നിലെ തിണയ്ക്കൽ തറവാട്ടിൽ അച്ഛന്റെ വിയോഗം തീർത്ത വറുതിയുടെ നാളുകൾ. വയറുനിറയെ ആഹാരം കഴിച്ചിട്ട് ദിവസങ്ങളെത്രയായി? ഉള്ളുപിടയുന്ന ആധിയുമായി അമ്മ. നെടുവീർപ്പുമായി അരികിൽ സഹോദരങ്ങൾ.

തിണയ്ക്കൽ പത്മനാഭൻ നായർ ലോകം ആദരിക്കുന്ന ടി. പത്മനാഭനെന്ന എഴുത്തുകാരനായതിനു പിന്നിൽ നീന്തിക്കടന്ന ദുരിതക്കടലുകൾ ഏറെയാണ്. പത്മനാഭന്റെ മനസ്സിൽ ഇപ്പോഴും ആ കുട്ടിയുണ്ട്. അവനൊഴുക്കിയ കണ്ണീരിന്റെ ഉപ്പുരസമുണ്ട്.

ആ ലവണാംശമാണ് പത്മനാഭനെഴുതിയ, കുട്ടികൾ പ്രധാന കഥാപാത്രമായി വരുന്ന കഥകളിൽ പല രീതിയിൽ നാം അനുഭവിക്കുന്നത്. ബാലകൗമാര മനസ്സുകളുടെ അനുഭവ പ്രപഞ്ചത്തിലേ ക്കുള്ള ജാലകം മലയാള ചെറുകഥയിൽ ആദ്യം തുറന്നിട്ടത് പത്മനാഭനാണ്.

മഞ്ഞ നിറമുള്ള റോസാപ്പൂവ്, അന്തിവെളിച്ചം, അശ്വതി, ശിശുദിനം, വനവാസം, ഒരു കൊച്ചുചങ്ങാതി, ഒരു ചെറിയ കഥ, ഗോട്ടി, ഒടുവിലത്തെ താവളം, വീട് നഷ്ടപ്പെട്ട ഒരു കുട്ടി, പഴയ ഓർമ്മകൾ പുതിയ സ്വപ്നങ്ങൾ തുടങ്ങി മികച്ച ഉദാഹരണങ്ങൾ ഏറെയുണ്ട്.

നാരായണൻ കാവുമ്പായി

1. അച്ഛന്റെ വിയോഗം തിണയ്ക്കൽ തറവാടിനെ ബാധിച്ചത് എങ്ങനെയാണ്?
   - എ. നെടുവീർപ്പായി
   - ബി. പട്ടിണിയായി
   - സി. രോഗങ്ങളായി
   - ഡി. ഒറ്റപ്പെടലായി
2. കണ്ണുനീരിന്റെ ഉപ്പുരസംകൊണ്ട് അർഥമാക്കുന്നതെന്ത്?
   - എ. നിർത്താനാകാത്ത കരച്ചിൽ
   - ബി. ദുരിതപൂർണ്ണമായ ബാല്യം
   - സി. രുചിയില്ലാത്ത ഭക്ഷണം
   - ഡി. കണ്ണീരിന് ഉപ്പിന്റെ രുചിയുണ്ട്.
3. കുട്ടികൾ പ്രധാന കഥാപത്രങ്ങളാകുന്ന പത്മനാഭന്റെ കഥകൾ ഏത്?
   - എ. അന്തിവെളിച്ചം, അശ്വതി, വനവാസം
   - ബി. അന്തിവെളിച്ചം, അശ്വതി, കടൽത്തീരത്ത്
   - സി. അശ്വതി, അന്തിവെളിച്ചം, രാമച്ചി
   - ഡി. കടൽത്തീരത്ത്, വനവാസം, രാമച്ചി
4. കുട്ടികളുടെ അനുഭവങ്ങളെ പത്മനാഭൻ സർഗാത്മകമായി അവതരിപ്പിച്ചത് എവിടെ?
   - എ. ചെറുകഥയിൽ
   - ബി. നാടകങ്ങളിൽ
   - സി. നോവലുകളിൽ
   - ഡി. സമൂഹമാധ്യമങ്ങളിൽ
5. 'എഴുത്തുകാരനെ രൂപപ്പെടുത്തുന്നതിൽ അനുഭവങ്ങൾക്ക് വലിയ പങ്കുണ്ട്' എന്ന പ്രസ്താവ ടി. പത്മനാഭന് പ്രസക്തമാകുന്നത് എപ്പോൾ?
   - എ. അച്ഛന്റെ വിയോഗം ഓർക്കുമ്പോൾ
   - ബി. എഴുത്തുകാരനായി അറിയപ്പെടുമ്പോൾ
   - സി. കുട്ടികൾ കഥാപാത്രങ്ങളാകുന്ന രചനകൾ പരിശോധിക്കുമ്പോൾ
   - ഡി. അമ്മയെയും സഹോദരങ്ങളെയും കാണുമ്പോൾ.

**പ്രവർത്തനം 2 -**

**(എ) പ്രതികരണക്കുറിപ്പ്**

*'കാടുകാക്കും കാട്ടുമക്കളേ*
*കാടിന്നുയിരാം കാട്ടുമക്കളെ*
*കാടുപോറ്റിയ കാട്ടുമക്കളെ*
*ചേർന്നുനിക്കണം നമ്മളെന്നും'*

ഈ വരികളും നഞ്ചിയമ്മ പറഞ്ഞ കാര്യങ്ങളും പരിഗണിച്ച് പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

**(ബി)** *'ഞങ്ങൾക്ക് പാട്ട് പഠിക്കേണ്ട കാര്യമില്ല'*- കാട്ടുമക്കളെപ്പറ്റി നഞ്ചിയമ്മ ഇങ്ങനെ പറയാൻ കാരണമെന്ത്?

**പ്രവർത്തനം 3 - നിവേദനം**

നാട്ടിലെ പൊതുവായനശാലകളെ നിങ്ങൾക്കു പരിചയമില്ലെ? സ്കൂളിലെ കൂട്ടുകാർക്ക് സൗകര്യപ്രദമായി പൊതുവായനശാല ഉപയോഗിക്കാൻ അവസരം അഭ്യർഥിച്ചുകൊണ്ട് വായനശാലാ സെക്രട്ടറിക്ക് നൽകാൻ നിവേദനം തയ്യാറാക്കുക.

**പ്രവർത്തനം 4 - ആസ്വാദനക്കുറിപ്പ്**

> **ഉച്ചക്കഞ്ഞി**
>
> ഇന്നെന്തു പറ്റി? ഉഷാറായി വർക്ക് ചെയ്തു വന്നിരുന്ന ജോസ് ഇന്ന് വർക്കേ ചെയ്തില്ല. മടിയൻ കുഞ്ചു. എണീക്ക്, സൗദാമിനിടീച്ചർ രണ്ട് പെട കൊടുത്തു.
> പഠിക്കാൻ സമയം കിട്ടീല്ല, രണ്ടുദിവസം ഒഴിവായിരുന്നല്ലൊ. കളിയാക്കിക്കൊണ്ട് ഹംസമാഷ് ഒരു നുള്ള് പാസ്സാക്കി.
> ഇന്നലെ രാത്രി പണിയെടുക്കാൻ പോയിരുന്നോ, ഉറക്കംതൂങ്ങീ? ചന്ദ്രൻമാഷ് ചെവി പിടിച്ചു തൂക്കി.
> ഇന്റർവെല്ലിന് ക്ലാസിലൊരു കരച്ചിൽ. കുട്ടികളാരുമല്ല കരയുന്നത്. പിന്നെ...?
> ഒടുവിൽ കണ്ടെത്തി. ജോസിന്റെ ബാഗിൽനിന്നാണ്. അവനെവിടെപ്പോയി?
> അവസാനം ഒരുത്തൻ ബാഗ് തുറന്നു.
> ഒറ്റച്ചാട്ടം, ഒരു കാറലും.
> എനിക്ക് ചോറും പയറും വേണേ...
> ജോസിന്റെ ചോറുപാത്രം വല്ലതും കണ്ടിട്ട് രണ്ടു ദിവസമായിരുന്നു.
>
> യദു കൃഷ്ണൻ എൻ.

കഥ വായിച്ചില്ലേ? കഥയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 5**

**(എ) ഉപന്യാസം**

സന്തോഷവും സൗന്ദര്യവും സങ്കടവും പങ്കുവെയ്ക്കുന്ന ഫാത്തിമത്തുരുത്ത് പരിചയപ്പെട്ടല്ലോ? നിങ്ങൾക്കും അവിടെയൊന്നു പോകാൻ തോന്നിക്കാണുമല്ലേ. ഫാത്തിമത്തുരുത്തിലെ കാഴ്ചകളെ വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

**(ബി)** രോഗബാധിതർ കിടന്നലറുന്ന കൂരകൾക്ക് കൈവിളക്കാവുന്നതെന്ത്?
(മഴപ്പെരുമ്പറ, പൂനിലാവ്, ജീവിതൗഷധം നിറച്ച സ്നേഹം, മുകിലുകൾ)

**പ്രവർത്തനം 6 - (എ) കാർട്ടൂൺ വിശകലനക്കുറിപ്പ്**




കാർട്ടൂൺ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

**(ബി)** *'പൂച്ചയെരക്ഷിക്കാൻ ഒന്നു ശ്രമിച്ചു നോക്കാം'*
എന്ന പ്രസ്താവനയ്ക്ക് യോജിക്കുന്നത്.
(പിടിവള്ളി കൊടുക്കാം, ചെണ്ടകൊട്ടിക്കാം, ഒരു കൈനോക്കാം, നക്ഷത്രമെണ്ണിക്കാം)